# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:6392 — 8.7.2014-ൽ മറുപടിയ്ക്ക്

## തൃശ്ശൂർ ജില്ലാ ട്രീ കമ്മിറ്റി അംഗങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി. ഗീതാ ഗോപി | | തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വനം വകുപ്പ് രൂപീകരിച്ച ട്രീ കമ്മിറ്റികൾ ഇപ്പോൾ നിലവിലുണ്ടോ ; അവ പ്രവർത്തന ക്ഷമമാണോ ; | എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വനം വകുപ്പ് രൂപീകരിച്ച ട്രീ കമ്മിറ്റികൾ ഇപ്പോഴും നിലവിലുണ്ട്. അവ ഇപ്പോഴും പ്രവർത്തന ക്ഷമമാണ്. |
| ബി) തൃശൂർ ജില്ലയിൽ പ്രസ്തുത ട്രീ കമ്മിറ്റി ഇപ്പോൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ കമ്മിറ്റി അംഗങ്ങൾ ആരെല്ലാമാണെന്ന് അറിയിക്കുമോ ; | ബി) | നിലവിലുണ്ട്. തൃശൂർ മുൻസിപ്പാലിറ്റി ചെയർപേഴ്സണാണ് ടി കമ്മിറ്റിയുടെ അദ്ധ്യക്ഷൻ. തൃശൂർ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററാണ് ടി കമ്മിറ്റിയുടെ കൺവീനർ. മുൻസിപ്പൽ ടൗൺപ്ലാനർ കമ്മിറ്റി മെമ്പറാണ്. സർക്കാരിതര സംഘടനകളെ പ്രതിനിധീകരിച്ച് 21.04.2010 - ലെ സർക്കാർ ഉത്തരവ് പ്രകാരം (ജി.ഒ. (ആർ.റ്റി) നമ്പർ 172/2010/വനം) താഴെപ്പറയുന്ന അംഗങ്ങളെ നോമിനേറ്റു ചെയ്യുകയുണ്ടായി.<br>1. ശ്രീ. സി.എൽ. സൈമൺ മാസ്റ്റർ, ചിറ്റിലപ്പള്ളി ഹൗസ്, പുഴയ്ക്കൽ.പി.ഒ., മുതുവറ, തൃശൂർ |

2. ശ്രീ. ഇ.എം. സതീശൻ, ഇളയേടത്തുമന,
ഇരട്ടക്കുളങ്ങര, വടക്കാഞ്ചേരി. പി.ഒ., തൃശൂർ.
3. ഡോ.എ. ലത, റിവർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്,
ഒല്ലൂർ.പി.ഒ., തൃശൂർ.
4. ശ്രീ. റ്റി.ആർ. ഹരി, ത ണ്ട യൻവീട്,
താളിക്കുളം. പി.ഒ., തൃശൂർ.
5. ശ്രീ. ബിജോയ് ചരുവിൽ, വലപ്പാട്. പി.ഒ.,
തൃശൂർ.
6. ശ്രീ. കെ.വിദ്യാസാഗർ, പൗർണ്ണമി,
അരിമ്പൂർ. പി.ഒ. തൃശൂർ.

സി) തൃശൂർ ജില്ലയിലെ ട്രീ കമ്മിറ്റിയിൽ എതെങ്കിലും അംഗങ്ങൾ രാജിവെച്ചിട്ടു ണ്ട ാ ; ഉ ണ്ടങ്കിൽ രാജിവെച്ചവർ ആരെല്ലാമാണ്, രേഖാമൂലം രാജി നൽകാത്തവർ ആരെല്ലാമാണ് എന്നീ വിവരങ്ങൾ അറിയിക്കുമോ ;

സി) തൃശൂർ ജില്ലയിലെ ട്രീ കമ്മിറ്റിയിൽ നിന്നും ശ്രീ. സി.എൽ. സൈമൺ മാസ്റ്റർ, ശ്രീ. ടി.ആർ. ഹാരി, ഡോ. എ. ലത എന്നിവർ രേഖാമൂലം രാജിക്കത്ത് നൽകിയിട്ടു ണ്ട്. എന്നാൽ രേഖാമൂലം രാജിക്കത്ത് നൽകാത്ത ശ്രീ. ഇ.എം. സതീശൻ, ശ്രീ. കെ. വിദ്യാസാഗർ, ശ്രീ. ബിജോയ് ചരുവിൽ എന്നിവരെ ഒരു വർഷം മുൻപ് സ്ഥിരമായി ട്രീ കമ്മിറ്റികളിൽ പങ്കെടുക്കാതിരുന്നതിനാൽ, ഫോൺ വഴി ബന്ധപ്പെട്ട് രാജിക്കത്ത് നൽകാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും നാളിതുവരെയും രേഖാമൂലം രാജിക്കത്ത് നൽകിയിട്ടില്ല. ഇവർ ട്രീ കമ്മിറ്റിയിൽ ആദ്യം മുതലെ നിഷ്ക്രിയരായ അംഗങ്ങളാണ്.

| | | | |
|---|---|---|---|
| ഡി) | തൃശൂർ ജില്ലയിലെ ട്രീ കമ്മിറ്റിയുടെ അവസാന യോഗം ചേർന്നതെന്നാണ് ; രേഖാമൂലം രാജി നൽകി യിട്ടില്ലാത്ത വരെ യോഗവിവരം അറിയിക്കാറുണ്ടോ ; വിശദമാക്കുമോ ? | ഡി) | തൃശൂർ കോർപ്പറേഷൻ പരിധിയിൽ അവസാന യോഗം 29.04.2014-നും ജില്ലാ പഞ്ചായത്തിൽ 13.05.2014-നും, ചാലക്കുടി മുൻസിപ്പാലിറ്റിയിൽ 12.06.2014-നും, ചാവക്കാട് മുൻസിപ്പാലിറ്റിയിൽ 11.0-4.2014-നുമാണ് അവസാന ട്രീകമ്മിറ്റി നടന്നത്. രാജിവയ്ക്കാത്ത അംഗങ്ങളെ യോഗവിവരം അറിയിക്കാറുണ്ട്. എന്നാൽ അവരാരും പങ്കെടുക്കാറില്ല. |

സെക്ഷൻ ഓഫീസർ